11. कैकेयी स्वार्थैकप्रवणा धृष्टतामवलम्ब्य बभाषे- 'न राजा कुपितः, नाप्यस्य किंचिद्दुःखमापतितम्; किंतु स्वकृतां प्रतिज्ञां रक्षितुमक्षमः त्वद्भयादात्मनो मनोगतं वक्तुमसमर्थः क्लिश्यते। यदि तत्सर्वथा करिष्यसि तर्ह्यहं ते तत् कथयिष्यामि' इति। 'तातस्य वचनात्पावके पतितुमपि सज्जो ह्यहम्। तत्किमेवं मय्यनर्हं ब्रवीषि? तातस्य यत् समीहितं तत्करिष्यामीति प्रतिजाने। अम्ब रामो द्विर्नाभिभाषते' इत्यार्जवेन ब्रुवाणं तं क्रकचहृदया कैकेयी भृशदारुणमात्मनोऽभिलषितं निर्धृणमवादीत्। 'चतुर्दश हायनानि वने चीरजटाधरो वस'- इति वदन्तीमपि तां निर्विकारेण गम्भीरभावेन, 'अम्ब, नाहमर्थपरो मानुषं लोकमधिवस्तुमभिलषामि, केवलं धर्ममेव पुरुषार्थं मन्यमानं मां मुनिभिः सदृशमवेहि' इति रघुपुङ्गवः प्रत्यभाषत। 'अधैव शीघ्रजवैर्हयैर्दूताः भरतमभिषेकार्थं मातुलालयादानयन्तु' इति च तां संप्रर्थ्य संज्ञाविहीनं नरपतिं पुनरपि प्रणिपत्य जननीमाप्रष्टुमनाः वनवासाय कृतनिश्चयेन कोपारुणनयनेन लक्ष्मणेनानुगम्यमानः कौसल्यामन्दिरं प्रविवेश। तावदेव कर्णाकर्णिकया वनवासवार्ता सर्वतः प्रससार। कैकेयीगृहं प्रविशतस्ततो निर्गच्छतश्च तस्य मुखरागं समं दृष्ट्वा जनता विसिष्मिये।।

स्वार्थैकप्रवणा - स्वार्थे एकः प्रवणः यस्याः सा।। बभाषे- ഖണ്ഡിക-9. न + अपि + अस्य- नाप्यस्य ।। स्वकृताम्- स्वेन कृता स्वकृता। ताम्।। त्वत् + भयात् + आत्मनः - त्वद्भयादात्मनः।। "भीत्रार्थानां भयहेतुः"- എന്ന സൂത്രം കൊണ്ട് പഞ്ചമീവിഭക്തി. असमर्थः - न समर्थः।। क्लिश्यते - 'ക്ലിശ' ധാതുവിന്റെ (ക്ലിശ ഉപതാപേ- ദിവാദി) ലട്. ആത്മ.പ്ര.പു.ഏ.- क्लिश्यते क्लिश्येते क्लिश्यन्ते।। करिष्यसि — ഉഭയപദിയായ 'കൃഞ്' ധാതുവിന്റെ (ഡുകൃഞ് കരണേ തനാദി) ലൃട് പര.മ.പു.ഏ.- करिष्यसि करिष्यथः करिष्यथ।। तर्हि + अहम् — तर्ह्यहम्।। कथयिष्यामि - ഉഭയപദിയായ 'കഥ' ധാതുവിന്റെ (കഥ വാക്യപ്രബന്ധനേ- ചുരാദി) കർത്തരി ലൃട് പര ഉ.പു.ഏ.- कथयिष्यामि कथयिष्यावः कथयिष्यामः।। हि + अहम्- ह्यहम्।। मयि + अनर्हम्- मय्यनर्हम्।। ब्रवीषि - 'ബ്രൂഞ്' ധാതുവിന്റെ (ബ്രൂഞ് വ്യക്തായാം വാചി-അദാദി) ലട് പര.മ.പു.ഏ.- प्र.पु.- ब्रवीति (आह) ब्रूतः (आहतुः) ब्रुवन्ति (आहु))। म.पु. - ब्रवीषि (आत्थ) ब्रूथः (आहथुः) ब्रूथ (ब्रूथ)। उ.पु.-ब्रवीमि ब्रूवः ब्रूमः।। ।।प्रतिजाने- പ്രതിജ്ഞ ചെയ്യുന്നു. द्विः + न + अभिभाषते- द्विर्नाभिभाषते।। इति + आर्जवेन- इत्यार्जवेन।। आर्जवेन- ऋजोः भावः आर्जवम्। तेन।। ब्रुवाणम्- ब्रूते इत ब्रुवाणः।। क्रकचहृदया- क्रकचम् इव हृदयं यस्याः सा।। भृशदारुणम्- भृशं दारुणम्।। आत्मनः + अभिलषितम्- आत्मनोऽभिलषितम्।। निर्घृणम् — निर्गता घृणा यस्मात् तत्।। अवादीत् - 'വദ' ധാതുവിന്റെ (വദ വ്യക്തായാം വാചി- ഭ്വാദി) ലുങ് പര പ്ര.പു.ഏ.- अवादीत् अवादिष्टाम् अवादिषुः।। चीरजटाधरः- धरतीति धरः।। वस- 'വസ്' ധാതുവിന്റെ (വസനിവാസേ- ഭ്വാദി) ലോട് പര.മ.പു.ഏ.- वस- वसतात् वसतम् वसत।। वदन्तीम् + अपि - वदन्तीमपि।। वदन्तीम्-वदतीति वदन्ती। ताम्।। निर्विकारेण- निर्गतः विकारः यस्य सः निर्विकारः। तेन।। न + अहम् + अर्थपरः-नाहमर्थपरः।। अर्थपरः- अर्थे परः अर्थे परः अर्थपरः।। लोकम् अधिवस्तुम्- അധി

എന്ന ഉപസർഗത്തിന്റെ യോഗത്തിൽ വസ് ധാതുവിന് ആധാരത്തിൽ കർമസംജ്ഞ. കർമസംജ്ഞ ഉള്ളതിനാൽ ''കർമണി ദ്വിതീയാ'' എന്ന സൂത്രം കൊണ്ട് കർമസംമജ്ഞയുള്ള ലോകശബ്ദത്തിന് ദ്വിദീയാ വിഭക്തി. अभिलषामि- അഭി എന്ന ഉപസർഗം ചേർന്ന ഉഭയപദിയായ 'ലഷ' ധാതുവിന്റെ (ലഷ കാന്തൗ-ഭ്വാദി) ലട് പര.ഉ.പു.ഏ.- अभिलषामि अभिलषावः अभिलषामः।। मन्यमानम्- मन्यते इति मन्यमानः। तम्।। अवेहि- അവ എന്ന ഉപസർഗം ചേർന്ന 'ഇണ്' ധാതുവിന്റെ (ഇൺ ഗതൗ-അദാദി) ലോട് പര.മ.പു.ഏ.- अवेहि- अवेतात् अवेतम् अवेत।। रघुपुङ्गवः- रघुः पुङ्गव इव रघुपुङ्गवः।। अद्य + एव-अद्यैव।। शीघ्रजवैः + हयैः + दूताः- शीघ्रजवैर्हयैर्दूताः।। शीघ्रजवैः- शीघ्रः जवः येषां तैः।। संज्ञाविहीनम्- संज्ञया विहीनः संज्ञाविहीनः तम्।। पुनः(र्) + अपि — पुनरपि।। आप्रष्टुननाः -आप्रष्टुं मनः यस्य सः।। കാമ, മനസ് എന്നീ ശബ്ദങ്ങളുടെ യോഗത്തിൽ തുമുന്നന്തത്തിന്റെ മകാരം ലോപിക്കും. वनवासाय- वने वासः वनवासः। तस्मै।। कृतनिश्चयेन — कृतः निश्चयः येन सः कृतनिश्चयः। तेन।। लक्ष्मणेन + अनुगम्यमानः - लक्ष्मणेनानुगम्यमानः।। अनुगम्यमानः- अनुगम्यते इति अनुगम्यमानः।। कौसल्यामन्दिरम्- कौसल्यायाः मन्दिरम्।। प्रविवेश - പ്ര, വി എന്നീ ഉപസർഗങ്ങൾ ചേർന്ന 'വിശ' ധാതുവിന്റെ (വിശ പ്രവേശനേ -തുദാദി) ലിട് പര.പ്ര.പു.ഏ.- प्रविवेश प्रविविशतुः प्रविविशुः।। वनवासवार्ता - वने वासः वनवासः। तस्य वार्त्ता।। प्रससार - പ്ര + 'സൃ' ധാതുവിന്റെ (സൃ ഗതൗ-ഭ്വാദി) ലിട് പര പ്ര.പു.ഏ.- प्रससार प्रसस्रतुः प्रसस्रुः।। प्रविशतः + ततः- प्रविशतस्ततः।। निर्गच्छतः + च — निर्गच्छतश्च। मुखरागम् - मुखस्य रागः मुखरागः। तम्।। दृष्ट्वा - ദൃശ് ധാതുവിന്റെ ക്ത്വാന്തം അവ്യയം. जनता- जनानां समूहः।। विसिष्मिये - വി എന്ന ഉപസർഗം ചേർന്ന ഉഭയപദിയായ 'ഷ്മിങ്' ധാതുവിന്റെ (ഷ്മിങ്- ഷ്മിജ്-അനാദരേ-ചുരാദി) ലിട് ആത്മ.പ്ര.പു.ഏ.- विसिष्मिये विसिक्ष्मियाते विसिक्ष्मिरे।।

തൻകാര്യത്തിൽ മാത്രം തത്പരയായ കൈകേയി ധിക്കാരത്തോടുകൂടി പറഞ്ഞു- "രാജാവു കോപിച്ചിട്ടില്ല അദ്ദേഹത്തിന് ഒരു ദുഃഖവും ഉണ്ടായിട്ടുമില്ല. എന്നാൽ തന്നെ ത്താൻ ചെയ്ത സത്യം നിറവേറ്റുവാൻ കഴിയാതെ നിന്നെ ഭയന്ന് സ്വന്തം ഉള്ളിലിരുപ്പ് അറിയിക്കുവാൻ കഴിയാതെ ക്ലേശിക്കുകയാണ്. എല്ലാ അർഥത്തിലും നീ അതു ചെയ്യുമെങ്കിൽ ഞാൻ നിന്നോട് അതു പറയുന്നതാണ്-" എന്ന്. അച്ഛന്റെ വാക്കു പാലിക്കുന്നതിനുവേണ്ടി തീയിൽ ചാടുന്നതിനും ഞാൻ ഒരുക്കമാണ്. അതുകൊണ്ട് എന്തിനാണ് എന്നോടിങ്ങനെ ഉചിതമല്ലാത്തതു പറയുന്നത്. അച്ഛന്റെ ഏത് ആഗ്രഹമായാലും അത് ഞാൻ ചെയ്യുന്നതാണ്, എന്നു ഞാൻ സത്യം ചെയ്യുന്നു. അമ്മേ, രാമൻ രണ്ടു പ്രാവശ്യം പറയുകയില്ല" എന്നിങ്ങനെ നേരായി പറയുന്നവനായ അദ്ദേഹത്തോടു വാളുപോലത്തെ ഹൃദയമുള്ള കൈകേയി വളരെ ക്രൂരമായ തന്റെ ആഗ്രഹം ദയയില്ലാതെ പറഞ്ഞു, "പതിന്നാലു കൊല്ലം കാട്ടിൽ മരവുരിയും ജടയും ധരിച്ച് നീ പാർക്കണം-" എന്നു പറയുന്ന അവളോട് ഒരു ഭാവമാറ്റവും കൂടാതെ ഗംഭീരമായ ഭാവത്തിൽ, "അമ്മേ, ഞാൻ അർഥത്തിൽ താത്പര്യമുള്ളവനായി മനുഷ്യലോകത്തിൽ കഴിഞ്ഞുകൂടുവാൻ ആഗ്രഹിക്കുന്നില്ല. കേവലം ധർമം മാത്രമാണ് പുരുഷാർഥം എന്നു കരുതുന്ന എന്നെ സന്യാസിമാർക്കു സമനായി കരുതിയാലും" എന്ന് രഘുവരൻ മറുപടി പറഞ്ഞു. "ഇന്നു തന്നെ വേഗതയുള്ള കുതിരപ്പുറത്തു കയറി ദൂതൻമാർ ഭരതനെ അഭിഷേകത്തിനുവേണ്ടി അമ്മാവന്റെ വീട്ടിൽ നിന്നും കൊണ്ടുവരട്ടെ" എന്നും അവളോട് അപേക്ഷിച്ചിട്ട് ബോധം പോയ രാജാവിനെ വീണ്ടും നമസ്കരിച്ചിട്ട് അമ്മയോടു യാത്ര ചോദിക്കുവാൻ ആഗ്രഹിക്കുന്നവനായിട്ട് കാട്ടിൽ പാർക്കുന്നതിനു തീരുമാനമെടുത്തിട്ട് കോപത്താൽ ചുവന്ന കണ്ണുകളോടുകൂടിയ ലക്ഷ്മണനാൽ പിൻതുടരപ്പെട്ടവനായി കൗസല്യയുടെ മന്ദിരത്തിൽ പ്രവേശിച്ചു. അപ്പോൾത്തന്നെ വനത്തിൽ പാർക്കുവാൻ പോകുന്ന വാർത്ത ചെവിക്കുചെവി എല്ലായിടത്തും പരന്നു. കൈകേയിയുടെ മന്ദിരത്തിൽ കടക്കുമ്പോഴും അവിടെ നിന്നും തിരികെ

പോകുമ്പോഴും അദ്ദേഹത്തിന്റെ മുഖഭാവം ഒരുപോലെ കണ്ടിട്ട് ജനം അത്ഭുതപ്പെട്ടു.

12. अभिषेकोत्सवं प्रतीक्षमाणा राममाता वनवासवार्तया वात्यया लतेष कम्पिता महीतले पपात। धैर्यसागरेण रामेण समाश्वासिता सा रामविश्लेषतत्पस्य प्राणवल्लभस्य क्षते क्षारं मा क्षिपणीति शोकवेगं नियम्य पत्युः शुश्रूषया स्वं जीवतं सफलममन्यत। 'पितृवाक्यपरिपालनाय काननं प्रतिष्ठमानं मामनुमन्यस्व' इति सप्रणामं पार्थयमानस्य तनयस्य स्वस्त्ययनकाङ्क्षिणी कौसल्या कथमप्यपनीतशोका निरुद्धबाष्पवेगा मङ्गलानि चकार। 'यमेव सर्वोपरि मन्यमानो नियमेन पालयसि स धर्मस्त्वामभिरक्षतु, सर्वे 'च देषाः सर्वाणि च भूतानि स्वस्ति ते विद्धतु' इति मुहुर्मुहुराशीर्वचनशतानि वर्षन्ती, भवितव्यताबलं तथाविधं विचिन्त्य स्वयमाश्वसती, 'चतुर्दश समाः क्षणमिव नीत्वा पुनरयोध्यामागतं सर्वसिद्धार्थमरोगं त्वा वत्स पस्यानि' इति व्याहरन्ती सा तमात्मजं विससर्ज।

अभिषेकोत्सवम्- अभिषेकस्य उत्सवम्।। प्रतीक्षमाणा- प्रतीक्षते इति प्रतीक्षमाणा।। राममाता-रामस्य माता।। वनवासवार्त्तया - वनवासस्य वार्त्ता वनवासवार्त्ता। तया।। वात्यया – കാറ്റിനാൽ. लता + इव- लतेव।। पपात- പത്മധാതുവിന്റെ (പത്ലൃ ഗതൗ-ഭാദി) ലിട് പര.പ്ര.പു. ഏ.- पपात पेततुः पेतुः।। धैर्यसागरेण – धैर्यस्य सागरः धैर्यसागरः। तेल।। क्षिपाणि- ഉഭയപദിയായ 'ക്ഷിപ്' ധാതുവിന്റെ ക്ഷിപ പ്രേരണേ- ദിവാദിഃ ലോട് ഉ.പ.പു.ഏ.- क्षिपाणि क्षिपाव क्षिपाम।। रामविश्लेषतप्तस्य-रामस्य विश्लेषेण तप्तः रामविश्लेषतप्तः। तस्य।। शोकवेगम्- शोकस्य वेगः शोकवेगः। तम्।। नियम्य - നി എന്ന ഉപസർഗം ചേർന്ന യമ് ധാതുവിന്റെ (യമ ഉപരമേ- ഭാദി) ല്യബന്തമവ്യയം. पत्युः- ഇകാരാന്ത പുംലിംഗം പതി ശബ്ദത്തിന്റെ ഷഷ്ഠി ഏകവചനം- पत्युः पत्योः पतीनाम्।। अमन्यत- 'മന്'

ധാതുവിന്റെ (മനു അവബോധനേ- തനാദി) ലങ് ആത്മ.പ്ര. പു.ഏ.- अमन्यत अमन्येताम् अमन्यन्त।। पितृवाक्यपरिपालनाय — पितुः वाक्यं पितृवाक्यम्। तस्य परिपालनं पितृवाक्यपरिपालनम्। तस्मै।। प्रतिष्ठमानम्- प्रतिष्ठते इति प्रतिष्ठमानः। तम्।। अनुमन्यस्व — അനു + 'മന്' ധാതുവിന്റെ (മന ജ്ഞാനേ- ദിവാദി) ലോട് ആത്മ.മ. പു.ഏ.- अनुमन्यस्व अनुमन्येधाम् अनुमन्यध्वम्।। प्रार्थयमानस्य- प्रार्थयते इति प्रार्थयमानः। तस्य।। स्वस्त्ययनकांक्षिणी- स्वस्त्ययनम् कांक्षितुं शीलमस्यास्तीति स्वस्त्ययनकांक्षिणी।। कथमपि + अपनीतशोका- कथमप्यपनीतशोका।। अपनीतशोका- अपनीतः शोकः यया सा।। निरुद्धबाष्पवेगा- निरुद्धः बाष्पस्य वेगः यया सा।। चकार - 'കൃഞ്' ധാതുവിന്റെ (ഡുകൃഞ് കരണേ-തനാദി) ലിട്.പര.പ്ര.പു.ഏ.- चकार चक्रतुः चक्रुः पालयसि — 'പാ' ധാതുവിന്റെ (പാ രക്ഷണേ- അദാദി) ലട് പര.മ.പു.ഏ.- पालयसि पालयथः पालयथ।। धर्मः + त्वाम् + अभिरक्षतु- धर्मस्त्वामभिरक्षतु।। विदधतु — വി എന്ന ഉപ സർഗം ചേർന്ന ഉഭയപദിയായ 'ധാ' ധാതുവിന്റെ (ഡുനാഞ് ധാരണ പോഷണയോഃ ജിഹോത്യാദി) ലോട് പര പ്ര.പു.ബ.- विद्धतु- विधत्तात् विधत्ताम् विदधतु।। मुहुः + मुहुः + आशीर्वचनशतानि - मुहुर्मुहुराशीर्वचनशतानि।। आशीर्वचनशतानि- आशीर्वचनानं शतानि।। वर्षन्ती - वर्षतीति वर्षन्ती।। भवितव्यताबलम्- भवितव्यतायाः बलम्।। स्वयम् + आश्वसन्ती स्ययमाश्वसन्ती।। आश्वसन्ती- आश्वसतीति आश्वसन्ती।। सर्वसिद्धार्थम - सर्वः सिद्धः अर्थः यस्य तम्।। अरोगम्- न विद्यते रोगः यस्य सः अरेगः। तम्।। त्वाम्-त्वाम्- त्वा युवाम्- वाम् युष्मान् - वः।। पश्यानि- 'ദൃശ്' ധാതുവിന്റെ (ദൃശിര് പ്രേക്ഷണേ-ഭാ ദി) ലോട് പര.ഉ.പു ഏ.- पश्यानि पश्याव पश्याम।। व्याहरन्ती- व्याहरतीति व्याहरन्ती।। विससर्ज - വി 'സൃജ്' ധാതുവിന്റെ (സൃജ വിസർഗേ-ദിവാദി) ലിട് ആത്മ.പ്ര.പു.ഏ.- विससर्ज विससृजतुः विससृजुः।

അഭിഷേകോത്സവം പ്രതീക്ഷിച്ച രാമന്റെ അമ്മ വനവാസവാർത്തയാൽ കൊടുങ്കാറ്റിനാൽ വള്ളി എന്നപോലെ വിറപൂണ്ടവളായി നിലത്തുവീണു. ധൈര്യത്തിനിരിപ്പിടനായ രാമനാൽ ആശ്വസിപ്പിക്കപ്പെട്ട അവൾ, രാമൻ പിരിഞ്ഞുപോകുന്നതുകൊണ്ടു ദുഃഖിതനായ പ്രിയഭർത്താവിന്റെ മുറിവിൽ ഉപ്പുതളിക്കാൻ പാടില്ലാ എന്നു നിനച്ച് ദുഃഖാധിക്യത്തെ അടക്കിയിട്ട് ഭർത്താവിനെ പരിചരിച്ചുംകൊണ്ട് സ്വന്തം ജീവിതം സഫലമാക്കാമെന്നു കരുതി. "അച്ഛന്റെ വാക്കു പാലിക്കുന്നതിനായി വനത്തിലേയ്ക്കു പുറപ്പെട്ടവനായ എന്നെ അനുഗ്രഹിച്ചാലും" എന്ന് നമസ്കാരത്തോടുകൂടി പ്രാർഥിക്കുന്നവനായ മകന്റെ മംഗളയാത്ര ആഗ്രഹിക്കുന്ന കൗസല്യ ഒരു വിധത്തിൽ ദുഃഖമൊതുക്കി കണ്ണീരടക്കി മംഗളങ്ങൾ നേർന്നു. "യാതൊന്നിനെയാണോ എല്ലാറ്റിനും മേലെയാണെന്നുകരുതി തെറ്റാതെ നീ പാലിക്കുന്നത് ആ ധർമം നിന്നെ രക്ഷിക്കട്ടെ. എല്ലാ ദേവതമാരും എല്ലാ ഭൂതഗണങ്ങളും നിനക്കു മംഗളമരുളട്ടെ" എന്നിങ്ങനെ വീണ്ടും വീണ്ടും നൂറു നൂറ് ആശിർവചനങ്ങളെ ചൊരിയുന്നവളായി വരാനുള്ളതിന്റെ കരുത്താണ് ഇങ്ങനെയൊക്കെ വരാൻ എന്നു ചിന്തിച്ച് തന്നെത്താൻ ആശ്വസിക്കുന്നവളായിട്ട്, "അല്ലയോ കുഞ്ഞേ, പതിന്നാലുകൊല്ലം ക്ഷണനേരം പോലെ നയിച്ചിട്ട് എല്ലാ നേടിയവനായി അസുഖങ്ങളൊന്നും കൂടാതെ അയോധ്യയിലേയ്ക്കു മടങ്ങി വരുന്ന നിന്നെ ഞാൻ കാണുവാനിടയാകട്ടെ" എന്നു പറഞ്ഞുകൊണ്ട് അവൾ ആ മകനെ അയച്ചു.

13. मातरमनुज्ञाप्य स्वगृहमागतः स किञ्चिदवनतमुखः सीतासमीपमवाप। शोकाविष्टमिव प्राणनाथमुपलक्ष्य वेपमानया किमेगं हर्षोचितेऽपि समये परिम्लानोऽसीति तथा पृच्छयमानः शोकभारमात्मना धारयितु न प्रबभूव। स सीतामभिदधे- 'प्रिये नानकि तत्रभवांस्तातः सत्यरक्षणाय मां बनं प्रव्राजयति, भरतं ममानुजं यौवराज्ये चाभिषेक्ष्यति। चतुर्दश वत्सरान् मधुमुलफलैर्मुनिवृत्तिना मया वने वर्तितव्यम्। सांऽहं वनं प्रस्थितस्त्वां द्रष्टुमागत इदानीमस्मि। मयि वनं याते त्वं राज्ञो भरतस्यानुर्त्र्तिनी धर्म्रपरायणा वृद्धयोः मम पित्रोः सेवानिरता वर्तितुमर्हसि' - इति।।

किञ्चित् + अवनतमुखः- किञ्चिदवनतमुखः- किञ्चित् अवनतं मुखं यस्य सः। अवाप- അവ എന്ന ഉപസർഗം ചേർന്ന 'ആപ്' ധാതുവിന്റെ (ആപ്ലൃ വ്യാപ്തൗ-സ്വാദി) ലിട്.പര.പ്ര.പു.ഏ.- अवाप अवापतुः अवापुः।। शोकाविष्टम् - शोकेन आविष्टः शोकाविष्टः। तम्।। प्राणनाथम्- प्राणानां नाथः प्राणनाथः/तम्।। उपलक्ष्य – ഉപ എന്ന ഉപസർഗം ചേർന്ന 'ലക്ഷ്' ധാതുവിന്റെ (ലക്ഷ ദർശനാങ്കനയോഃ- ചുരാദി) ല്യബന്തമവ്യയം. वेपमाना- वेपते इति वेपमाना। तया।। हर्षोचिते + अपि- हर्षोचिते/पि।। हर्षोचिते- हर्षस्य उचितं हर्षोचितम्। तस्मिन् ।। परिम्लानः + असि + इति- परिम्लानो/सीति।। पृच्छयमानः- पृच्छ्यते इति पृच्छ्यमानः।। शोकभारम्- शोकस्य भारः। तम्।। प्रबभूव – പ്ര എന്ന ഉപസർഗം ചേർന്ന 'ഭൂ' ധാതുവിന്റെ (ഭൂ സത്തായാം-ഭ്വാദി) ലിട് പര.പ്ര.പു.ഏ.- प्रबभूव प्रबभूवतुः प्रबभूवुः।। अभिदधे – അഭി എന്ന ഉപസർഗം ചേർന്ന 'ധാ' ധാതുവിന്റെ (ഡുധാഞ് ധാരണപോഷണയോഃ- ജുഹോത്യാദി) ലിട് പര. പ്ര.പു.ഏ.- अभिदधे अभिदधाते अभिदधिरे।। जानकि- जनकस्य अपत्यं स्त्री जानकी। तत्संबुद्धौ।। भवान् + तातः - भवांस्तातः।। सत्यरक्षण्या- सत्यस्य रक्षणं सत्यरक्षणम्। तस्मै।। मम + अनुजम्- ममानुजम्।। यौवराज्ये- युवा च असौ राजा च युवराजः। तस्य भावः यौवराज्यम्। तस्मिन्।। अभिषेक्ष्यति- അഭി എന്ന ഉപസർഗം ചേർന്ന ഉഭയപദിയായ 'ഷിച' ധാതുവിന്റെ (ഷിച ക്ഷരണേ-തുദാദി) ല്യട് പര.പ്ര.പു.ഏ.- अभिषेक्ष्यति अभिषेक्ष्यतः अभिषेक्ष्यन्ति।। मधुमूलफलैः + मुनिवृत्तिना- मधुमुलफलैर्मुनिवृत्तिना।। मुनिवृत्तिना- मुनेरिव वृत्तिः यस्य सः।। मुनेः वृत्तिः इव वृत्तिः यस्य सः मुनिवृत्तिः। तेन। इति वा।। वर्तितव्यम्- वर्त्तितुम् योग्यम्।। सः + अहम्-सो/हम्।। प्रस्थितः + त्वाम् - प्रस्थितस्त्वाम्।। द्रष्टुम् + आगतः + इदानीम् + अस्मि- द्रष्टुमागतइदानीमस्मि।। अस्मि- 'അസ്' ധാതുവിന്റെ (അസഭുവി-അദാദി) ലട് പര.ഉ.പു.ഏ.- अस्मि स्वः स्मः।। मयि वनं याते –

ഞാൻ വനത്തിൽ പോകും സമയത്തിങ്കൽ- സതി സപ്തമി പ്രയോഗം. भरतस्य + अनुवर्त्तिनी- भरतस्यानुवर्त्तिनी।। धर्मपरायणा- धर्मपरायणा- धर्म परायणा।। सेवानिरता - सेवायां निरता।।

അമ്മയെ സമ്മതിപ്പിച്ചിട്ട് സ്വന്തം മന്ദിരത്തിലേയ്ക്കു വന്നവനായ അദ്ദേഹം കുറച്ചു കുനിഞ്ഞ മുഖത്തോടുകൂടിയ വനായി സീതയുടെ അടുത്ത് എത്തിച്ചേർന്നു. ദുഃഖിതനെ പ്പോലെ പ്രാണനാഥനെ കണ്ടിട്ട് വിറപൂണ്ടവളായ അവളാൽ, എന്താണിങ്ങനെ സന്തോഷിക്കേണ്ട സമയത്ത് അവിടുന്ന് ദുഃഖിതനായി ഇരിക്കുന്നത്. എന്ന് ചോദിക്കപ്പെടുന്നവനായ അദ്ദേഹം ദുഃഖഭാരം തന്നെത്താൻ താങ്ങാൻ കഴിവുള്ളവനാ യില്ല. അദ്ദേഹം സീതയോടു പറഞ്ഞു- ''പ്രിയേ ജനകപുത്രി, ബഹുമാന്യനായ അച്ഛൻ സത്യം സംരക്ഷിക്കുന്നതിനായി എന്നെ വനത്തിലേയ്ക്ക് അയയ്ക്കുന്നു. എന്റെ ഇളയവൻ ഭരതനെ യുവരാജാവായി അഭിഷേകം നടത്തുവാൻ പോകു ന്നു. പതിന്നാലുകൊല്ലം തേൻ, വേര്, പഴം തുടങ്ങിയവയെ ക്കൊണ്ട് സംന്യാസവൃത്തിയോടുകൂടി എന്നാൽ വനത്തിൽ വസിക്കപ്പെടണം. അങ്ങനെയുള്ള ഞാൻ വനത്തിലേയ്ക്കു പോകാനൊരുങ്ങി ഇപ്പോൾ നിന്നെ കാണുവാനായി വന്നതാ ണ്. ഞാൻ വനത്തിൽ പോയിക്കഴിഞ്ഞാൽ നീ രാജാവായ ഭരതനെ അനുവർത്തിക്കുന്നവളായി ധർമം അനുഷ്ഠിച്ച് വയ സ്സായ എന്റെ അച്ഛനമ്മമാരെ സേവിക്കുന്നതിൽ താൽപര്യമു ള്ളവളായി കഴിയണം- എന്ന്.

14. तदृशस्य प्रणयगरिम्णो/ननुगुणमप्रतीक्षितं च रामवाक्यमाकर्ण्य विषण्णहृदया जनकनन्दिनी किञ्जिदिव पारुष्यमवलम्बमाना तं गर्हयितुमुपचक्तमे- 'किमिदमननुरूपं मां भाषसे ऍ अनन्यशरणां त्वत्प्राणामिमा परित्यक्तुं किंनु धृष्णोषि। यदि त्वं वनं प्रस्थितो/सि तर्हि सा/हमग्रतः कुशकण्टकान् मुद्रती गमिष्यामि। यदि चानन्यमावां मामिहोपेक्षसे तर्हि मरणं में शरणं भविष्यति। यत्र रामो निवसति तद्वनमपि सीताया नन्दनमेव'- इति। इत्थं सुदृढं ब्रुवाणां सहधर्मचारिणों वनवासक्लेशानां बहुकृत्वो वर्णनेनापि यदा निवर्तयितुं न शशाक तदा रामः 'त्वदृते स्वर्गो/पि न मह्यं रोनत' इति वदन्ननुगमनायानुमेने।।

प्रणयगरिम्ण — गुरोः भावः गरिमा। प्रणयस्य गरिमा प्रणयगरिमा। तस्य।। अप्रतीक्षितम्- न प्रतीक्षितम्।। रामवाक्यम्- रामस्य वाक्यम्।। विषण्णहृदया — विषण्णं हृदयं यस्याः सा।। जनकनन्दिनी- जनकस्य नन्दिनी।। पारुष्यम्- परुषस्य भावः पारुष्यम्।। अवलम्बमाना- अवलम्बते इति अवलम्बमाना।। गर्हयितुम्- ഉഭയപദിയായ 'ഗർഹ്' ധാതുവിന്റെ (ഗർഹ വിനിന്ദ നേ- ചുരാദി) തുമുന്നതം അവ്യയം. उपचक्रमे- ഉപ എന്ന ഉപ സർഗം ചേർന്ന 'ക്രമു' ധാതുവിന്റെ (ക്രമു പാദവിക്ഷേപേ- ഭ്വാദി) ലിട് ആത്മ.പ്ര.പു.ഏ.- उपचक्रमे उपचक्रमाते उपचक्रमिरे — വ്യാ.വി.- ഉപ എന്ന ഉപസർഗം ചേരുമ്പോൾ പരസ്മൈപദി യായ ക്രമു ധാതു ആരംഭം എന്ന അർഥത്തിൽ ആത്മനേപദി യാകും (പ്രോപാദ്യാം സമർഥാഭ്യാം- പാ.സു.). अननुरूपम्- न अनुरूपम्।। भाषसे- 'ഭാഷ്' ധാതുവന്റെ (ഭാഷ വ്യക്തായാം വാചി-ഭ്വാദി) ലട് ആത്മ.മ.പു.ഏ.- भाषसे भाषेथे भाषध्वे।. अनन्यशरणाम्- न विद्यते अन्यत् शरणं यस्याः सा अनन्यशरणा। ताम्।। त्वत्प्राणाम्- तव प्राणाः त्वत्प्राणाः। ताम्।। परित्यक्तुम- പരി എന്ന ഉപ സർഗം ചേർന്ന 'ത്യജ്' ധാതുവിന്റെ (ത്യജ ഹാനൗ-ഭ്വാദി) തുമുന്നതം അവ്യയം. प्रस्थितः + आसे - प्रस्थितोऽसि।। सा + अहम् + अग्रतः - साहमग्रतः।। मुद्गती - मृदा गतिः यस्याः सा।। गमिष्यामि- 'ഗമ്' ധാതുവിന്റെ (ഗ്മ്ലൃ ഗതൗ- ഭ്വാദി) ലൃട് പര.ഉ.പു.ഏ.- गमिष्यामि गमिष्यावः गमिष्यामः।। च + अनन्यमावाम्- चानन्यभावाम्।। अनन्यभावम्- न विद्यते अन्यभावः यस्याः सा अनन्यभावा। ताम्।। माम् + इह + उपेक्षसे - मामिहोपेक्षसे ।। भविष्यति — 'ഭൂ' ധാതുവിന്റെ (ഭൂ സത്തായാം- ഭ്വാദി) ലൃട് പര.പ്ര.പു.ഏ.-भविष्यति भविष्यतः भविष्यन्ति।। निवसति — നി എന്ന ഉപസർഗം ചേർന്ന 'വസ്' ധാതുവിന്റെ (വസ നിവാസേ-ഭ്വാദി) ലട്.പര.പ്ര.പു.ഏ.- निवसति निवसतः निवसन्ति।। तत् + वनम् + अपि- तद्वनमपि।। सहधर्मचारिणीम्- सह धर्मं चरतीति सहधर्मचारिणी। ताम्।।

वनवासक्लेशानाम्- वने वासः वनवासः। तस्य क्लेशाः वनवासक्लेशाः। तेषाम्।। वर्णनेन + अपि - वर्णनेनापि।। शशाक — 'ശക്ലൃ' ധാതുവിന്റെ (ശക്ലൃ ശക്തൗ- സ്വാദി) കർത്തരി ലിട്.പര.പ്ര.പു. ഏ.- शशाक शेकतुः शेकुः।। त्वत् + ऋते — त्वदृते।। स्वर्गः + अपि - स्वर्गोऽपि ।। मह्यम्- അസ്മച്ഛബ്ദ് ഷഷ്ഠി ഏകവചനം. मह्यम्- मे आवाभ्याम्- नौ अस्मभ्यम्- नः।। रोचते- 'രുച്' ധാതുവിന്റെ (രുച ദീപ്താവഭിപ്രീതൗ-ഭ്വാദി) ലട് ആത്മ.പ്ര.പു.ഏ.- रोचते रोचेते रोजन्ते।। वदन् + अनुगमनाय + अनुमेने - वदन्ननुगमनायानुमेने।।

അത്തരത്തിലുള്ള സ്നേഹാധിക്യത്തിനു ചേരാത്തതും ഒട്ടും പ്രതീക്ഷിക്കാത്തതുമായ രാമന്റെ വാക്യം കേട്ടിട്ട് ദുഃഖിതയായ ജനകപുത്രി കുറച്ചു പരിഭവത്തെ കൈക്കൊണ്ടിട്ടാണോ എന്നു തോന്നുമാറ് കുറ്റപ്പെടുത്തുവാൻ തുടങ്ങി- "എന്താണ് അങ്ങ് ഇങ്ങനെ ചേരാത്തത് എന്നോടു പറയുന്നത്. മറ്റു തുണയില്ലാത്തവളും അങ്ങയുടെ പ്രാണനുമായ ഈയുള്ളവളെ ഉപേക്ഷിക്കുവാൻ അങ്ങു ധൈര്യപ്പെടുന്നുവോ "അങ്ങു കാട്ടിലേയ്ക്ക് പോകുമെങ്കിൽ ദർഭയും മുള്ളും കല്ലും ചവിട്ടിക്കൊണ്ട് ഞാൻ മുന്നിൽ പോകുന്നതാണ്. മറ്റു ചിന്തയില്ലാത്ത എന്നെ ഇവിടെ ഉപേക്ഷിക്കുമെങ്കിൽ മരണമായിരിക്കും എനിക്കു തുണയാവുക. എവിടെയാണോ രാമൻ പാർക്കുന്നത് അത് കാടാണെങ്കിൽ കൂടി സീതയ്ക്ക് നന്ദനം തന്നെ," എന്ന് ഇപ്രകാരം ഉറപ്പിച്ചു പറയുന്ന, ഒപ്പം ഇരുന്നു കർമം ചെയ്യേണ്ടവളെ വനത്തിൽ കഴിയുന്നതിന്റെ ക്ലേശങ്ങളെ പലതവണ വിശദീകരിച്ചിട്ടും എപ്പോഴാണോ പിൻതിരിപ്പിക്കുവാൻ കഴിയാതിരുന്നത് അപ്പോൾ രാമൻ, "നിന്നെക്കൂടാതെ സ്വർഗം പോലും എനിക്ക് ഇഷ്ടമല്ല," എന്നു പറഞ്ഞുകൊണ്ട് പിൻതുടരാൻ അനുമതി നല്കി.

15. तयोस्तं संवादमाकर्ण्य स्वमनोरथस्य विघातंमाशङ्कमानो बाष्पपर्याकुलमुखः शोकं नियन्तुमशक्नुवंश्च सुमित्रानन्दनो भ्रातुश्चरणौ गाढ निपीडयन् 'आ शैशवादनुचरमाज्ञाकरं मामिदानीं न विहातुमर्हसि' इति भूयो भूयः प्रार्थयत। 'यद्यार्यो वनाय प्रतिष्ठते तदाऽहं धनुर्धरः पुरो

गमिष्यामि सौविदल्ल इव' इति वदन्तं लक्ष्मणमाश्रितवत्सलो रामचन्द्रः कथं नाम विजह्यात्? रामेणानुज्ञातः सौमित्रिर्जननीमापृच्छय, 'रामं दशरथं विद्धि मां विद्धि जनकात्मजाम्' इति तस्या निदेशमाम्नायमिव मानयन् राममेवोपतस्थे।।

तयोः + तम् - तयोस्तम्।। स्वमनोरथस्य- स्वस्य मनोरथः स्वमनोरथः। तस्य।। आशङ्कमानः- आशङ्कते इति आशङ्कमानः।। बाष्पपर्याकुलमुखः - बाष्पेण पर्याकुलं मुखं यस्य सः।। अशक्नुवन् + च - अशक्नुवंश्च।। अशक्नुवन्- शक्नोतीति शक्नुवन्। न शक्नुवन् अशक्नुवन्।। सुमित्रानन्दनः- सुमित्रायाः नन्दनः।। भ्रातुः + चरणौ - भ्रातुश्चरणौ।। निपीडयन् — निपीटयतीति निपीडयन्।। आशैशवात् + अनुचरम् + आज्ञाकरम् - आशैशवादनुचरमाज्ञाकरम्।। आशैशवात्- शैशवात् आरभ्य।। माम् + इदानीम् - मामिदानीम्।। आज्ञाकरम्- आज्ञां करोतीति आज्ञाकरः। तम्।। विहातुम्- വി എന്ന ഉപസർഗം ചേർന്ന 'ഹാക്' ധാതുവിന്റെ (ഓഹാക് ത്യാഗേ - ജുഹോത്യാദി) തുമുന്നന്തം അവ്യയം. अर्हसि- ഖണ്ഡിക-9. प्रार्थयत- പ്ര + 'അർഥ്' ധാതുവിന്റെ (അർഥ ഉപയാച്ഞായാം- ചുരാദി) ലങ് ആത്മ.പ്ര.പു.ഏ.- प्रार्थयत प्रार्थयेताम् प्रार्थयन्त।। यदि + आर्यः - यद्यार्यः।। प्रतिष्ठते- പ്ര + 'സ്ഥാ' ധാതുവിന്റെ (ഷ്ഠാ ഗതിനി വൃത്തൗ-ഭ്വാദി) ലട് ആത്മ.പ്ര.പു.ഏ.- प्रतिष्ठते प्रतिष्ठेते प्रतिष्ठन्ते।। प्रतिष्ठते- വ്യാ.വി. സമ്, അവ, പ്ര എന്നീ ഉപസർഗ ങ്ങൾ ചേരുമ്പോൾ പരസ്മൈ പദിയായ ഷ്ഠാ ധാതു ആത്മ നേപദിയാകും. സമവപ്രവിഭ്യസ്ഥഃ (പാ.സു.). तदा + अहम्- तदाऽहम्।। धनुर्धरः- धनुः धत्ते इति धनुर्धरः।। गमिष्यामि- ഖണ്ഡിക-13. वदन्तम्- वदतीति वदन्। तम्।। आश्रितवत्सलः - आश्रितेषु वत्सलः।। विजह्यात् — വി + 'ഹാക്' ധാതുവിന്റെ (ഓഹാക് ത്യാഗേ- ജുഹോത്യാദിഃ വിധിലിങ് പര.പ്ര.പു.ഏ.- विजह्यात् विजह्याताम्

विजह्रुः ।। रामेण + अनुज्ञातः - रामेणानुज्ञातः।। सौमित्रिः + जननीम् + आपृच्छ्य- सौमित्रिर्जननीमापृच्छ्य।। विद्धि – 'വിദ്' ധാതുവിന്റെ (വിദജ്ഞാനേ-അദാദി) ലോട് മ.പു.ഏ.- विद्धि- वित्तात् वित्तम् वित्त।। मानयन् - मानयतीति मानयन्।। रामम् + एव + उपतस्थे- राममेवोपतस्थे।। उपतस्थे।- ഉപ + 'സ്ഥാ' ധാതുവിന്റെ (ഷ്ഠാ ഗതിനിവൃത്തൗ-ഭാദി) ലിട് ആത്മ.പ്ര.പു.ഏ.- उपतस्थे उपतस्थाने उपतस्थिरे।।

അവരുടെ ആ സംവാദത്തെ കേട്ടിട്ട് സ്വന്തം ആഗ്രഹത്തിനു തടസ്സം ആശങ്കിക്കുന്നവനായ സുമിത്രയുടെ പുത്രൻ കണ്ണുനീരുകൊണ്ട് കലങ്ങിയ മുഖവുമായി ദുഃഖത്തെ അടക്കുവാൻ കഴിയാത്തവനായിട്ട് സഹോദരന്റെ ഇരു ചരണങ്ങളെ മുറുകെപ്പിടിച്ചുകൊണ്ട്, ''കുട്ടിക്കാലം മുതൽ പിന്നാലെ നടക്കുന്നവനും കല്പന നിറവേറ്റുന്നവനും ആയ എന്നെ ഇപ്പോൾ ഉപേക്ഷിക്കുന്നതു ശരിയല്ല,'' എന്ന് വീണ്ടും വീണ്ടും അപേക്ഷിച്ചു. ജ്യേഷ്ഠൻ എപ്പോൾ വനത്തിലേക്ക് പോകുമോ അപ്പോൾ ഒരു അംഗരക്ഷകനെപ്പോലെ വില്ലു മേന്തി ഞാൻ മുന്നിൽ നടക്കും, എന്നു പറയുന്നവനായ ലക്ഷ്മണനെ ആശ്രിതവാത്സല്യമുള്ള രാമചന്ദ്രന് എങ്ങനെയാണ് ഒഴിവാക്കാവാവുക. രാമനിൽ നിന്ന് അനുമതി ലഭിച്ചവനായ സുമിത്രയുടെ പുത്രൻ അമ്മയോടു ചോദിച്ചിട്ട്- ''രാമനെ ദശരഥനെന്നറിയുക, ജനകപുത്രിയെ ഞാനെന്നറിയുക'' എന്ന അവരുടെ ഉപദേശം വേദവാക്യം പോലെ മാനിക്കുന്നവനായിട്ട് രാമനെത്തന്നെ സേവിച്ചു.

16. ब्राह्मणेभ्यो बहुधनमाभरणानि च वितीर्य वसिष्ठस्य भगवतः सत्यां आशिषं उपसंगृह्य च ते त्रयो राजानमनुमानयितुमुपागमन्। शोकार्णवमग्रं महीपतिं प्रदक्षिणीकृत्य प्रणिपत्य च दृढसङ्कल्पास्ते तस्यानुमतिमयाचन्त। ततो रामः कैकेय्या स्वयमर्पितं वल्कलं परिधाय पर्यश्रुनयनैः पौरसङ्कातैः सशोकविस्मयमवलोक्यमानःऋ ससीतालक्ष्मणः सुमन्त्रेण सज्जीकृतं स्यन्दनमारुरोह।।

वितीर्य- വി എന്ന ഉപസർഗം ചേർന്ന ഉഭയപദിയായ 'തൃ' ധാതുവിന്റെ (തൃ പ്ലവനതരണയോഃ-ഭാദി) ല്യബന്തം അവ്യ

൰ം. राजानम् + अनुमानयितुम् + उपागमन् - राजानमनुमानयितुमुपागमन्।। उपागमन् — ഉപ + 'ഗമ്' ധാതുവിന്റെ (ഗമ്ലൃ ഗതൗ-ഭ്വാദി) ലുങ് പര.പ്ര.പു.ബ.- उपागमत् उपागमताम् उपागमन्।। शोकार्णवमग्नम्- शोकार्णवे मग्नः शोकार्णवमग्नः। तम्।। महीपतिम्- मह्याः पतिः महीपतिः। तम्।। दृढसङ्कल्पाः + ते - दृढसङ्कल्पास्ते।। तस्य + अनुमतिम् + अयाचन्त - तस्यानुमतिमयाचन्त।। अयाचन्त- ഉഭയപദിയായ 'യാച്' ധാതുവിന്റെ (ടുയാചൃ യാച്ഞായാം-ഭ്വാദി) ലങ് ആത്മ.പ്ര. പു.ബ.- अयाचत अयाचेताम् अयाचन्त।। ततः + रामः - ततो रामः।। पौरसंघातैः - पौराणां संघाताः पौरसंघाताः। तैः।। सशोकविस्मयम् - शोकविस्मयाभ्यां सह।। ससीतालक्ष्मणः - सीतया च लक्ष्मणेन च सहितः सीतालक्ष्मणाभ्याम्। ताभ्यां सह वर्त्तते इति।। आरुरोह- ആ + 'രുഹ്' ധാതുവിന്റെ (രുഹ ബീജജന്മനി പ്രാദുർഭാവേ ച-ഭ്വാദി) ലിട് പര.പ്ര.പു.ഏ.- आरुरोह आरुरुहतुः आरुरुहुः।।

ബ്രാഹ്മണർക്കായി ധാരാളം പണവും ആഭരണവും നല്കിയിട്ട് ഭഗവാൻ വസിഷ്ഠന്റെ സത്യമായ ആശിസ്സിനെയും സ്വീകരിച്ചിട്ട് ആ മൂന്നുപേരും രാജാവിന്റെ അനുവാദത്തിനായി ചെന്നു. ദുഃഖസാഗരത്തിൽ മുങ്ങിയ മഹാരാജാവിനെ വലത്തുവച്ചു നമസ്കരിച്ചിട്ട് ഉറച്ച തീരുമാനമുള്ള അവർ അദ്ദേഹത്തിന്റെ അനുമതിക്കായി അപേക്ഷിച്ചു. അതിനുശേഷം രാമൻ, കൈകേയിയാൽ നേരിട്ടു നല്കപ്പെട്ട മരവുരി അണിഞ്ഞിട്ട്, നിറമിഴികളോടുകൂടിയ നഗരവാസികൾ ദുഃഖാത്ഭുതങ്ങളോടുകൂടി നോക്കി നില്ക്കെ സീതയോടും, ലക്ഷ്മണനോടും കൂടി സുമന്ത്രരാൽ തയ്യാറാക്കപ്പെട്ട തേരിൽ കയറി.

17. तेषु रथारूढेषु सुमन्त्रः पवनजवनान् वाजिनश्चोदयामास। सबालवृद्धा कृत्स्नाऽप्ययोध्या परदुःखार्ताताननुसर्तुकामा बभूव। रामोऽपि मधुरैर्वचनैः पौरानाश्वासयन् द्रुतचोदितैरश्वैश्चक्षुर्विषयमतीयाय। यावत्तु रथनेमिसमुद्धूता रजोराजिरदृश्यत तावद्दशरथस्तत्प्रयातायां दिश्येव दत्तचक्षुरवर्तत।।

वाजिन + चोदयामास - वाजिनश्चोदयामास।। कृत्स्ना + अपि + अयोध्या - कृत्स्नाऽप्ययोध्या।। परदुःखार्ता — परदुःखे आर्ता।। अनुसर्तुकामा - अनुसर्तु काम यस्याः सा।। रामः + अपि - रामोऽपि।। मधुरैः + वचनैः - मधुरैर्वचनैः।। पौरान् + आश्वासयन् - पौरानाश्वासयन्।। द्रुतचोदितैः + अश्वैः + चक्षुः + विषयम् + अतीयाम - द्रुतचोदितैरश्वैश्चक्षुर्विषयमतीयाय। यावत् + तु - यावत्तु।। रथनेमिसमुद्भूता- रथस्य नेमिः रथनेमिः। रथनेमिभ्यां समुद्धता।। रजोराजिः + अदृश्यत - रजोराजिरदृश्यत ।। रजसां राजिः रजोराजिः। अदृश्यत - 'ദൃശ്' ധാതുവിന്റെ (ദൃശിര് പ്രേക്ഷണേ- ഭ്വാദി) കർമണി ലങ് ആത്മ.പ്ര.പു.ഏ.- अदृश्यत अदृश्येताम् अदृश्यन्त।। तावत् + दशरथः + तत्प्रयातायाम् - तावद्दशरथस्तत्प्रयातायाम्।। दिशि + एव - दिश्येव।। दत्तचक्षुः + अवर्तत - दत्तचक्षुरवर्तत।। अवर्तत- ഖണ്ഡിക-1.

അവർ തേരിൽ കയറിയ നേരത്തിങ്കൽ സുമന്ത്രർ കുതിരകളെ വായുവേഗത്തിൽ പായിച്ചു. ദുഃഖപരവശരായ ബാലന്മാരും വൃദ്ധരും ഉൾപ്പടെയുള്ള അയോധ്യാവാസികൾ മുഴുവനും അവരെ പിൻതുടരുവാനാഗ്രഹിച്ചു. രാമനാകട്ടെ മധുരവാക്കുകളെക്കൊണ്ട് നഗരവാസികളെ ആശ്വസിപ്പിച്ചിട്ട് വേഗത്തിൽ കുതിരകളെ പായിച്ച് കണ്ണെത്താദൂരത്തേയ്ക്കു പോയി. തേരുരുൾ കൊണ്ട് ഉയർത്തപ്പെട്ട പൊടി പടലങ്ങൾ എപ്പോൾ വരെ കാണാൻ കഴിഞ്ഞുവോ അപ്പോൾ വരെ ദശരഥൻ അവർ പോയ ദിക്കിലേയ്ക്ക് കണ്ണും നട്ടിരുന്നു.

18. रामोऽपि तमसातीरे तां रजनीमतिवाह्य प्रातर्गोमतीं सरयूं च समुत्तीर्य धनधान्यसम्पन्नं रम्योधानविराजितं च कोसलदेशमतिक्रम्य मुनिगणनिषेविताया लोकपावन्याः गङ्गायाः कूले गुणशालिनामग्रतः सरेण गुहेन निषादाधिपतिना सञ्जग्मे। भक्तिनम्रो निषादराजो रघुपुङ्गवं स्वविषयमागतं यथावदुपचचार। अपरेद्युरुषस्युत्थाय गुहसमानीतेन न्यग्रोधक्षीरेण जटाः कृत्वा जाह्नवीं तरीतुकामो रामः 'सुदृढा नौरानीयताम्' इति निषादराजं प्रार्थयामास। गङ्गाकूले सुमन्त्रं

निवर्तयिष्यन् 'मन्त्रिवर्य, तातस्य सकाशे सततमप्रमत्तो भव'- इतिं सानुपयं भाषित्वा सह सीतालक्ष्मणाभ्यां गुहानुमतो नावमारुरोह।।

रामः + अपि - रामोऽपि ।। तमसातीरे- तमसायाः तीरं तमसातीरम्। तस्मिन्।। प्रातः + गोमतीम्- प्रातर्गोमतीम्।। धनेन धान्येन च सम्पन्नम्- धनधान्यसम्पन्नम्।। रम्योधानविराजितम्- रम्यं च तत् उद्यानं रम्योधानम्। तेन विराजितन्।। मुनिगणनिषेवितायाः- निशेषेण सेविता निषेविता। मुनीनां गणः मुतिगणः। तैः निषेविता मुनिगणनिषेविता। तस्याः।। निषादाधिपतिना- निषादानाम् अधिपतिः निषादाधिपतिः। तेन।। सञ्जग्मे - 'സമ്' + 'ഗമ്' ധാതുവിന്റെ (ഗമ്ലൃ ഗതൗ-ഭ്വാദി) ലിട് ആത്മ.പ്ര.പു.ഏ.- सञ्जग्मे सञ्जग्माते सञ्जग्मिरे- പരസ്മൈപദിയായ ഗമ് ധാതു സമ് എന്ന ഉപസർഗത്തിന്റെ യോഗത്തിൽ ആത്മനേപദിയാകും. भक्तिनम्रः - भक्त्या नम्रः।। स्वविषयम् - स्वस्य विषयः स्वविषयः। तम्।। यथावत् + उपचचार - यथावदुपचचार।। अपरेद्युः + उषसि + उत्थाय - अपरेद्युरुषस्युत्थाय।। गुहसमानीतेन — गुहेन समानीतः गुहसमानीतः। तेन ।। न्यग्रोधक्षीरेण- न्याग्रोधस्य क्षीरं न्यग्रोधक्षीरम्। तेन।। तरीतुम् कामः यस्य सः- तरीतुकामः।। नौः + आनीयताम् — नौरानीयताम्।। गंगाकूले- गंगायाः कूलं गंगाकूलम्। तस्मिन्।। निवर्तयिष्यतीति निवर्तयिष्यन्।। अनुनयेन सह इति सानुनयम्।। सह सीतालक्ष्मणाभ्याम् - സഹശബ്ദത്തിന്റെ യോഗത്തിൽ തൃതീയാ വിഭക്തി. नावम् + आरुरोह - नावमारुरोह।।

രാമൻ തമസാതീരത്തിൽ ആ രാത്രി കഴിച്ചുകൂട്ടിയിട്ട് പ്രഭാതത്തിൽ ഗോമതീ, സരയൂ എന്നിവയും കടന്ന് ധനധാന്യങ്ങളാൽ സമ്പന്നവും ആനന്ദിപ്പിക്കുന്ന പൂന്തോട്ടങ്ങളാൽ ശോഭിക്കുന്നതുമായ കോസലദേശവും പിന്നിട്ട് മുനിമാരാൽ സേവിക്കപ്പെടുന്ന, ലോകത്തെത്തന്നെ പാവനമാക്കുന്ന ഗംഗാനദിയുടെ തീരത്തിൽ വച്ച് ഗുണവാൻമാരിൽ ഒന്നാമനായ ഗുഹൻ എന്ന കാട്ടാളരാജാവിനെ കണ്ടുകൂടി. ഭക്തികൊണ്ടു തലകുനിച്ച് ആ കാട്ടാള രാജാവ് തന്റെ രാജ്യത്തു വന്നു ചേർന്ന രഘുവംശശ്രേഷ്ഠനെ വിധിയനുസരിച്ച് ആദരിച്ചു.

അടുത്ത ദിവസം അതിരാവിലെ ഉണർന്നെഴുന്നേറ്റ് ഗുഹനാൽ കൊണ്ടു വരപ്പെട്ടതായ പേരാൽ മരത്തിന്റെ പാലുകൊണ്ടു ജടയുണ്ടാക്കിയിട്ട് ഗംഗയെ തരണം ചെയ്യുവാൻ ആഗ്രഹിച്ച രാമൻ, ''നല്ല ഉറപ്പുള്ള ഒരു തോണി കൊണ്ടുവന്നാലും'' എന്ന് കാട്ടാളരാജാവിനോട് അറിയിച്ചു. ഗംഗയുടെ തീരത്തു വച്ച് സുമന്ത്രരെ തിരിച്ചയയ്ക്കുവാൻ ആഗ്രഹിച്ചിട്ട് ''മന്ത്രി ശ്രേഷ്ഠാ, അച്ഛന്റെ അടുത്ത് എല്ലായ്പ്പോഴും വീഴ്ച വരുത്താതെ ഉണ്ടായിരുന്നാലും-'' എന്നിങ്ങനെ അനുനയത്തോടു കൂടി പറഞ്ഞിട്ട് സീതയോടും ലക്ഷ്മണനോടും ഒപ്പം ഗുഹന്റെ അനുമതിയോടെ തോണിയിൽ കയറി.

19. भागीरथ्या दक्षिणं तीरमासाध ते त्रयोऽपि पद्भयां सञ्चरमाणा भरद्वाजस्य महामुनेराश्रमं प्रपेदिरे। भरद्वाजस्तं प्रियमतिर्थि रामचन्द्रं यथाविधि सच्चकार। अननुभूतपूर्वेण मार्गखेदेन किञ्चिदिव परिश्रान्तास्ते तां रात्रिं भरद्वाजाश्रमपदे सुखमूषुः। प्रभातायां रजन्यां

'मधुमूलफलाढ्यश्चित्रकूटाचल एव भवतु भवतां हृद्यो निवास' इति भरद्वाजगिरा तदाश्रमात्प्रस्थाय ते चित्रकूटमनुप्राप्य माल्यवतीकूले रम्यमाश्रमं निर्माय परमया निर्वृत्या तं गिरिवरमध्यवात्सुः। विप्रवासदुःखं च व्यस्मार्षुः।।

त्रयः + अपि - त्रयोऽपि ।। सञ्चरन्तीति सञ्चरमाणाः।। महामुनेः + आाश्रमम्- महामुनेराश्रमम्।। महान् चासौ मुनिश्च महामुनिः।। प्रपेदिरे। ഖണ്ഡിക-1. भरद्वाज + तम् -भरद्वाजस्तम्।। यथाविधि- विधिं अनतिक्रम्य।। अननुभूतपूर्वेण- पूर्वं अनुभूतम् अनुभूतपूर्वम्। न अनुभूतपूर्वम् अननुभूतपूर्वम्। तेन।। मार्गखेदेन - मार्गे खेदः मार्गखेदः। तेन।। किञ्चित् + इव - किञ्चिदिव।। परिश्रान्ताः + ते - परिश्रान्तास्ते।। भरद्वाजस्य आश्रमपदम् भरद्वाजाश्रमपदम्। तस्मिन्।। ऊषुः - വസ് ധാതുവിന്റെ ലിട് പര.പ്ര.പു.ഏ.- उवास ऊषतुः ऊषुः।।

मधुच मूलञ्च फलाञ्च मधुमूलफलानि। तैः आढ्यः -मधुमूलफलाढ्यः।। हृद्यः निवासः हृद्यो निवासः।। भरद्वाजगिरा- भरद्वाजस्य गीः भरद्वाजगीः। तया।। माल्यवतीकूले - माल्यवत्याः कूलम् माल्यवतीकूलम्। तस्मिन्।।

रम्यम् + आश्रमम्- रम्यमाश्रमम्।। गिरिवरम् + अध्यवात्सुः - गिरिवरमध्यवात्सुः - അധി + 'വസു' ധാതുവിന്റെ ലുങ് പര.പ്ര. പു.ബ.- अध्यवासीत् अध्यवास्ताम् अध्यवात्सुः।। व्यस्मार्षुः - വി + 'സ്മൃ' ധാതുവിന്റെ (സ്മൃ ആധ്യാനേ-ഭ്വാദി) ലുങ് പര.പ്ര.പു. ബ. व्यस्मार्षीत् व्यस्मर्ष्टाम् व्यस्मार्षुः ।।

ഗംഗയുടെ തെക്കേ തീരത്തിൽ എത്തിച്ചേർന്ന ആ മൂന്നുപേരും കാൽനടയായി ഭരദ്വാജമഹർഷിയുടെ ആശ്രമത്തിൽ എത്തിച്ചേർന്നു. ഭരദ്വാജൻ ആ പ്രിയപ്പെട്ട അതിഥി രാമചന്ദ്രനെ വിധിപോലെ എതിരേറ്റു. മുൻപരിചയമില്ലാതിരുന്നതിനാൽ വഴിയാത്രകൊണ്ട് അല്പമായെങ്കിലും തളർച്ച പൂണ്ട അവർ ആ രാത്രി ഭരദ്വാജന്റെ ആശ്രമത്തിൽ സുഖമായി കഴിഞ്ഞു. അതിരാവിലെ തേൻ, കിഴങ്ങുകൾ, പഴങ്ങൾ, എന്നിവയാൽ നിറയപ്പെട്ട ചിത്രകൂടപർവ്വതത്തിൽ തന്നെയാകട്ടെ നിങ്ങളുടെ സുഖവാസ്ഥാനം എന്ന ഭരദ്വാജന്റെ വാക്കു കേട്ട് ആ ആശ്രമത്തിൽ നിന്നു പുറപ്പെട്ട് അവർ ചിത്രകൂടത്തിലെത്തി മാല്യവതിയുടെ തീരത്തിൽ മനോഹരമായ ഒരു ആശ്രമം കെട്ടിയുണ്ടാക്കി ഏറ്റവും സമാധാനത്തോടെ ആ ശ്രേഷ്ഠമായ പർവതത്തിൽ വസിച്ചു. നാടുവിട്ടു വസിക്കുന്നതുകൊണ്ടുള്ള ദുഃഖവും മറന്നു.

20. रामशून्येन रथेन हर्षशून्येन च हृदयेन निरानन्दां रिक्तामयोध्यां प्रतिनिवृत्तः सुमन्त्रः शोकाकुलो बाष्पाविललोचनः कथमपि नृपतेः सकाशं सम्प्राप्य प्रोषितानां तेषां प्रवृत्तीर्निवेदयामास। राजा तु रामं जटाधरं निशम्य द्विगुणीभूतशोको मूर्छितो बभूव। अनुक्षणं 'हा राघव! हा वत्स! हा पितृप्रिय! हा ममायासनाशन। क गतोऽसि' इति पुनः पुनः परिदेवमानः प्रवासात्प्रभृति पञ्चदिनानि दुःखमयं जीवितं धारयामास। कुमारभाव एव शब्दवेधीति प्रथां गतेन दृप्तेनात्मना कृतस्य मुनिकुमारवधस्य विपाकं तमनुस्मरन्नाचक्षाणश्च परिचर्यातायै प्रियतमायै कौसल्यायै दशरथः षष्ठे दिवसे निशीथात्परं दिवमारुरोह। अयोध्यायां सा रात्रिः कियतीं व्याकुलतामुदपादयदिति केन वा वर्णयितुं शक्यते!

रामशून्येन - रामेण शून्यः रामशून्यः। तेन।। निरानन्दां — निर्गतः आनन्दः यस्याः सा निरानन्दा। ताम्।। शोकाकुलेन - शोकेन आकुलः शोकाकुलः तेन।। बाष्पाविललोचनः - बाष्पेण आविले लोचने यस्य सः।। प्रवृत्तिः + निवेदयामास - प्रवृत्तीर्निवेदयामास।। जटाधरम्- जटां धत्ते इति जटाधरः। तम्।। निशम्य- 'ശ്രു' ധാതുവിന്റെ (ശ്രു ശ്രവണേ-ഭ്വാദി) ല്യബന്തം അവ്യയം, द्विगुगीभूतशोकः - द्विगुणीभूतः शोकः यस्य सः।। अनुक्षणम्- क्षणे क्षणे इति।। पितृप्रियः - पितरि प्रियं यस्य सः।। मम + आयासनाशन - मामायासनाशन।। आयासनाशन - आयासं नाशयति येन सः आयासनाशनः। तत्संबुद्धै।। गतः + असि - गतोऽसि।। परिदेवते इति परिदेवमानः ।। धारयामास- ഉഭയപദിയായ 'ധൃ' ധാതുവിന്റെ (ധൃ ധാരണേ- ഭ്വാദി) ലിട് പര.പ്ര.പു.ഏ.- धारयामास धारयामासतुः धारयामासुः।। दृप्तेन + आत्मना - दृप्तेनात्मना।। मुनिकुमारवधस्य - मुनिकुमारस्य वधः मुनिकुमारवधः। तस्य।। तम् + अनुस्मरन् + आचक्षाणः + च- तमनुस्मरन्नाचक्षाणश्च।। परिचर्यातायै — परिचर्यायां रता परिचर्यारता। तस्यै।। आरुरोह- ഖണ്ഡിക-15. व्याकुलताम् + उदपादयत् + इति - व्याकुलतामुदपादयदिति।। शक्यते - 'ശക്' ധാതുവിന്റെ (ശക്ലൃ ശക്തൗ-സ്വാദി) ലട് ആത്മ.പ്ര.പു.ഏ.- शक्यते शक्येते शक्यन्ते ।।

രാമനില്ലാത്ത രഥവും സന്തോഷമില്ലാത്ത ഹൃദയവുമായി ആനന്ദമില്ലാത്ത ഒഴിഞ്ഞ അയോധ്യയിൽ തിരിച്ചെത്തിയ സുമന്ത്രർ ദുഃഖാകുലനായി കലങ്ങി നിറഞ്ഞ കണ്ണുകളോടുകൂടി ഒരുതരത്തിൽ രാജാവിന്റെ അടുത്തു ചെന്നിട്ട് നാടുവിട്ടുപോയ അവരുടെ പ്രവൃത്തികൾ അറിയിച്ചു. രാജാവാകട്ടെ, രാമൻ ജടാധാരിയായി എന്നു കേട്ടിട്ട് ഇരട്ടിച്ച ദുഃഖത്തോടുകൂടിയവനായി ബോധം കെട്ടു. നിമിഷം തോറും "ഹാ രാഘവാ, ഹാ കുഞ്ഞേ, ഹാ അച്ഛനു പ്രിയപ്പെട്ടവനേ, ഹാ എന്റെ പ്രയാസങ്ങൾ ഇല്ലാതെയാക്കുന്നവനേ, നീ പൊയ്ക്കഴിഞ്ഞുവോ?" എന്നിങ്ങനെ വീണ്ടും വീണ്ടും കരഞ്ഞുപറയുന്നവനായിട്ട്, നാടുവിട്ടുപോയതുമുതൽ അഞ്ചു ദിവസം ദുഃഖത്തോടുകൂടി ജീവനോടെയിരുന്നു. കുട്ടിക്കാ

ലത്ത് ശബ്ദവേധി[1] എന്നുപേരുനേടിയ അഹംഭാവിയായ തന്നാൽ ചെയ്യപ്പെട്ടതായ മുനികുമാരവധത്തിന്റെ പരിണതഫലമാണിതെന്ന് തന്നെ പരിചരിക്കുന്നതിൽ തത്പരയായ പ്രിയതമയായ കൗസല്യയോടു പറഞ്ഞുകൊണ്ട് ദശരഥൻ ആറാമത്തെ ദിവസം അർധരാത്രിക്കുശേഷം സ്വർഗം പൂകി. അയോധ്യയിൽ ആ രാത്രി എത്രത്തോളം ദുഃഖമുളവാക്കിയെന്ന് ആരാലാണ് വർണിക്കപ്പെടുവാനാവുക.

21. रामलक्ष्मणौ चित्रकूटे निवसतः। भरतः शत्रुघ्नेन सह मातुः पापकर्मणामनभिज्ञो मातुलगृहे सुखेन रमते। राजा कालधर्मं गतः। राज्यमराजकं जातम्। अनाथाः प्रजाः कं शरणं गच्छन्तु?

रामलक्ष्मणौ - रामश्च लक्ष्मणश्च।। शत्रुघ्नेन सह- സഹ ശബ്ദത്തിന്റെ യോഗത്തിൽ തൃതീയാ വിഭക്തി വരും. मातुलगृहे - मातुलस्य गृहम् मातुलगृहम्। तस्मिन।। रमते - 'രമ്' ധാതുവിന്റെ (രമു ക്രീഡായാം- ഭ്വാദി) ലട് ആത്മ.പ്ര.പു.ഏ.- रमते रमेते रमन्ते ।। गच्छन्तु - 'ഗമ്' ധാതുവിന്റെ (ഗമ്ലൃ ഗതൗ-ഭ്വാദി) ലോട് പര. പ്ര.പു.ബ.- गच्छतु- गच्छतात् गच्छताम् गच्छन्तु।

രാമലക്ഷ്മണന്മാർ ചിത്രകൂടത്തിൽ പാർക്കുന്നു. മാതാവിന്റെ പാപപ്രവൃത്തികൾ അറിയാത്തവരായിട്ട് ഭരതൻ ശത്രുഘ്നനോടൊപ്പം അമ്മാവന്റെ ഗൃഹത്തിൽ സുഖമായി കഴിയുന്നു. രാജാവ് നാടുനീങ്ങി. രാജ്യം രാജാവില്ലാത്തതായി തീർന്നു. അനാഥരായ ജനം ആരെയാണ് ശരണം പ്രാപിക്കേണ്ടത്.

22. 'अराजकं राष्ट्रं मा विनाशमवापत्' इति चिन्ताकुला राजकर्तारो महात्मानो मुनवः समेत्य 'त्वमेव कुमारं भरतमन्यं वा राजानमभिषेक्तुमर्हसि' इति पुरोहितं वसिष्ठं प्रार्थयामासुः। पित्रा प्रतिज्ञातराज्यं भरतं सद्यः समानेतुमिच्छन् वसिष्ठः सचिवैः संमन्त्र्य भरताय दूतान् प्रजिघाय। वसिष्ठेन प्रहिता दूताः सप्तभिरहोभिस्त्वरिततरं केकयान् प्राप्य भरतं विज्ञापयामासुः- 'राजनन्दन! सामात्यः पुरोहितः सहसा त्वां द्रष्टुमीहते। आत्ययिकं ते

किमपि कृत्यमापतितम्। अतस्त्वरमाणेन प्रस्थीयतामद्यैव भवता'- इति।।

चिन्तया आकुला चिन्ताकुला।। राजकर्तारः - राजानं करोतीति राजकर्ता। ते ।। महात्मानः - महान् आत्मा येषां ते।। प्रार्थयामासतुः പ്ര + 'അർഥ്' ധാതുവിന്റെ (അർഥ ഉപയാച്ഞായാം- ചുരാദി) ലിട് ആത്മ.പ്ര.പു.ബ.- प्रार्थयामास प्रार्थयामासतुः प्रार्थयामासुः ।। प्रतिज्ञातराज्यम् — प्रतिज्ञातं राज्यं यस्मै सः प्रतिज्ञातराज्यः। तम्।। इच्छतीति इच्छन्। प्रजिघाय- പ്ര + 'ഹി' ധാതുവിന്റെ (ഹി ഗതൗ വൃദ്ധൗ ച-സ്വാദി) ലിട് പര.പ്ര.പു.ഏ.- प्रजिघाय प्रजिघ्यतुः प्रजिघ्युः।। सप्तमिरहोभिस्त्वरिततरम्।। विज्ञापयामासुः - വി + 'ജ്ഞാ' ധാതുവിന്റെ (ജ്ഞാ അവബോധനേ- ക്ര്യാദി) ണിച് ലിട് പര.പ്ര.പു.ഏ.- विज्ञापयामास विज्ञापयामासतुः विज्ञापयामासुः ।। राजनन्दनः- राज्ञः नन्दनः।। सामात्यः - अमात्येन सहितः।। ईहते - 'ഈഹ' ധാതുവിന്റെ (ഈഹ ചേഷ്ടായാം - ഭ്വാദി) ലട് ആത്മ.പ്ര.പു.ഏ.- ईहते ईहेते ईहन्ते।। अतः त्वरमाणेन - अतस्त्वरमाणेन।। त्वरते इति त्वरमाणः।। प्रस्थीयताम् + अद्य + एव - प्रस्थीयतामद्यैव।।

''രാജാവില്ലാതെ രാഷ്ട്രം വിനാശത്തിൽ പതിക്കരുത്,'' എന്ന് ചിന്താകുലരായ രാജകർത്താക്കളും മഹാത്മാക്കളുമായ മുനിമാർ കൂടിച്ചേർന്ന്, ''നിങ്ങൾ തന്നെ കുമാരനായ ഭരതനേയോ മറ്റൊരാളിനേയോ രാജാവായി അഭിഷേകം നടത്തുവാനായി അർഹതപ്പെട്ടവനാക്കുന്നു.'' എന്ന് പുരോഹിതനായ വസിഷ്ഠനോട് അപേക്ഷിച്ചു. പിതാവിനാൽ രാജ്യം നല്കപ്പെട്ട ഭരതനെ ഉടൻ കൊണ്ടുവരുന്നതിന് ആഗ്രഹിച്ചവനായ വസിഷ്ഠനാൽ മന്ത്രിമാരുമായി കൂടിയാലോചിച്ചിട്ട് ഭരതനായിക്കൊണ്ട് ദൂതന്മാരെ അയച്ചു. വസിഷ്ഠനാൽ അയയ്ക്കപ്പെട്ട ദൂതന്മാർ ഏഴു ദിവസംകൊണ്ട് വളരെ വേഗത്തിൽ കേകയത്തിൽ പ്രവേശിച്ചിട്ട് ഭരതനെ അറിയിച്ചു- ''രാജപുത്ര, മന്ത്രിമാരോടു കൂടി പുരോഹിതൻ പെട്ടെന്ന് അങ്ങയെ കാണുവാൻ ആഗ്രഹിക്കുന്നു. വളരെ അത്യാവശ്യമായി

ചെയ്യേണ്ട ചിലത് അങ്ങേയ്ക്കു വന്നുചേർന്നിരിക്കുന്നു. അതുകൊണ്ട് അവിടുന്ന് വളരെ പെട്ടെന്ന് ഇന്നു തന്നെ പുറപ്പെട്ടാലും-'' എന്ന്.

23. पूर्वेद्युरनुभूताभिर्दुःस्वप्नपरम्परामिराकुलचित्तो भरतस्तेन सन्देशेन संक्षुभिततरो भूत्वा पितुर्मातृणां रामलक्ष्मणयोश्च पृथक् पृथक् कुशलं पर्यपृच्छत्। 'रामं प्रोषितम्, राजानं वा स्वर्गतम्, भरताय मा शंसिषुर्भवन्तः' इति पुरोघसा प्रस्थानसमये प्रतिषिद्धाः दूता मृषैव 'सर्वेषां कुशलम्' इत्येकमेवात्तरं ददुः।।

पूर्वेद्यु + अनुभूताभिः + दुःस्वप्नपरम्पराभिः + आकुलचित्तः पूर्वेद्युरनुभूताभिर्दुःस्वप्नपरम्परामिराकुलचित्त।। दुःस्वप्नपरम्पराभिः दुःस्वप्नानानां परम्पराः दुःस्वप्नपरम्पराः। ताभिः।। आकुलचित्तः - आकुलं चित्तं यस्य सः।। भरतः + तेन -भरतस्तेन।। भूत्वा 'ഭൂ' ധാതുവിന്റെ ക്ത്വാന്തം അവ്യയം. पितुः + मातृणाम्- पितृर्मातृणाम्।। रामलक्ष्मणयोः + च - रामलक्ष्मणयोश्च।। रामलक्ष्मणयोः रामश्चलक्ष्मणश्च रामलक्ष्मणौ। तयोः।। परि + अपृच्छत्- पर्यपृच्छत्।। अपृच्छत्- ഖണ്ഡിക-6. स्वर् गतम् स्वर्गतम्।। शंसिषुः + भवन्तः- शंसिषुर्भवन्तः।। अशंसिषुः - 'ശംസ്' ധാതുവിന്റെ (ശംസു സ്തുതൗ- ഭ്വാദി) ലുങ് പര.പ്ര. പു.ഏ.- अशंसिष्ठ अशंसिषाताम् अशंसिषुः।। मा शंसिषुः - നിഷേധാർഥത്തിൽ മാങ് പ്രയോഗിക്കുമ്പോൾ ലുങ് ലകാരം പ്രയോഗിക്കണം (മാങ്ങി ലുങ്). ലുങ് പ്രയോഗിച്ചാൽ ലുങ്ലെ ആകാരമോ അകാരമോ ലോപിക്കും (ന മാങ് യോഗേ).

मृषा + एव - मृषैव।। इति + एकम् + एव + उत्तरम् - इत्येकमेवात्तरम्।। ददुः - ഉഭയപദിയായ 'ദാ' ധാതുവിന്റെ (ഡുദാഞ്ദാനേ-തുദാദി) ലിട് പര.പ്ര.പു.ബ.- ददौ ददतुः ददुः ।।

കഴിഞ്ഞ ദിവസം തുടരെത്തുടരെ ഉണ്ടായ ദുഃസ്വപ്നങ്ങളാൽ ദുഃഖിതമായ മനസ്സോടുകൂടിയ ഭരതൻ ആ സന്ദേശത്താൽ ഇളക്കം തട്ടിയ മനസ്സോടുകൂടിയവനായിട്ട് അച്ഛനമ്മാരുടേയും രാമലക്ഷ്മണൻമാരുടേയും ക്ഷേമം പ്രത്യേകം

പ്രത്യേകം എടുത്തു ചോദിച്ചു. ''രാമൻ നാടുവിട്ടതും, രാജാവ് നാടുനീങ്ങിയതും, ഭരതനായിക്കൊണ്ട് നിങ്ങൾ അറിയിക്കരുത്,'' എന്ന് പുറപ്പെടുന്ന നേരത്തിങ്കൽ പുരോഹിതനാൽ വിലക്കപ്പെട്ടിരുന്ന ദൂതന്മാർ, വെറുതേ തന്നെ ''എല്ലാവർക്കും ക്ഷേമമാണ്'' എന്ന ഒരേയൊരുത്തരം തന്നെ നല്കി.

24. भरतो दूतागमनमावेदयन् मातामहं मातुलं चामन्त्र्य प्रस्थानाय तात्वरे। ताभ्यां दत्तानि महार्घाणि पारितोषिकाणि ग्रहीतुमपि ग्लायन्ननुजेन सह सघः स्यन्दनमारुह्य प्रतस्थे च।।

दूतागमनम् - दूतस्य आगमनम्।। आवेदयतीति आवेदयन् ।। मातामहम् - मातुः पिता मातामहः। तम्।। मातुलम्- मातुः भ्राता मातुलः। तम्।। तत्वरे- ഉഭയപദിയായ 'ത്വര്' ധാതുവിന്റെ (ഞിത്വരാ സംഭ്രമേ-ഭ്വാദി) ലിട് ആത്മ..പ്ര.പു.ഏ..- तत्वरे तत्वराते तत्वरिरे। ग्लायतीति ग्लायन्।। अनुजेन सह- സഹ ശബ്ദത്തിന്റെ യോഗത്തിൽ തൃതീയാ വിഭക്തി വരും. आरुह्य – ആ + 'രുഹ്' ധാതുവിന്റെ ല്യബന്തം അവ്യയം. प्रतस्थे - പ്ര + 'ഷ്ഠാ' ധാതുവിന്റെ (ഷ്ഠാ ഗതിനിവൃത്തൗ-ഭ്വാദി) ലിട് ആത്മ.പ്ര.പു.ഏ. - प्रतस्थे प्रतस्थाते प्रतस्थिरे।।

ഭരതൻ, ദൂതന്റെ വരവറിയിച്ച് മുത്തച്ഛനോടും അമ്മാവനോടും യാത്രചോദിച്ചിട്ട് പുറപ്പെടുന്നതിനായി തിരക്കുകൂട്ടി. അവരാൽ നല്കപ്പെട്ടതായ വിലപിടിപ്പുള്ള പാരിതോഷികങ്ങൾ വാങ്ങുന്നതിനുപോലും മടിയുള്ളവനായിട്ട് അനുജനോടൊത്ത് ഉടൻതന്നെ തേരിൽ കയറി പുറപ്പെടുകയും ചെയ്തു.

25. सप्तभिरहोभिरतिलङ्घिताध्वा प्राप्तायोध्यस्तां पुरीमयथापूर्ववृत्तामवलोक्य सन्तव्यमानः स सारथिमाबभाषे- 'सूत, सततमयोध्यायां श्रूयमाणस्तुमुलः शब्दो विरतप्रायो वर्तते। उद्यानानि संस्कारशून्यानि हतप्रभाणि पश्यामि। चन्दनागरुवासितः पवनो नात्र प्रागिव प्रवाति। विपणयोऽपि विना वणिग्जनैः शून्यागाराणीव दृश्यन्ते। अशेषा च जनता दीना म्लानानना कृशा मलिना बाष्पाविललोचना नितरावतीर्य पितुरालयं प्रविवेश। तत्र

पितरमदृष्ट्रवा मातुर्गृहं प्रविश्य तस्याश्चरणयोः कृतप्रणामः कुत्र मे तातः' इति तां पप्रच्छ।।

सप्तभिः + अहोभिः + अतिलङ्घिताध्वा - सप्तभिरहोभिरतिलङ्घिताध्वा।। अतिलङ्घिताः अध्वानः येन सः अतिलङ्घिताध्वा।। प्राप्तायोध्यः + ताम् -प्राप्तायोध्यस्ताम्।। प्राप्तायोध्यः - प्राप्ता आयोध्या येन सः।। अयथापूर्ववृत्तम् — न यथापूर्वं वृत्तं यस्यां सा अयथापूर्ववृत्ता। ताम्।। सन्तप्यते इति सन्तप्यमानः।। आबभाषे - ആങ് + 'ഭാഷ്' ധാതുവിന്റെ (ഭാഷ വ്യക്തായാം വാചി-ഭ്വാദി) ലിട് ആത്മ പ്ര.പു.ഏ.- आबभाषे आबभाषाते आबभाषिरे। श्रूयमाणः + तुमुलः - श्रूयमाणस्तुमुलः।। श्रूयते इति श्रूयमाणः।। बहुशो विरतः विरतप्रायः।। संस्कारेण शून्यानि संस्कारशून्यानि।। हतप्रभाणि- हताः प्रभाः येषु तानि।। पश्यामि- 'ദൃശ്' ധാതുവിന്റെ (ദൃശിര് പ്രേക്ഷണേ-ഭ്വാദി) ലട് പര.ഉ.പു.ഏ.- पश्यामि पश्यावः पश्यामः।। नत्र + अत्र- नात्र।। प्राक् + इव - प्रागिव ।। विपणयः + अपि - विपणयोऽपि।। वणिग्जनैः विना- വിനാ ശബ്ദത്തിന്റെ യോഗത്തിൽ തൃതീയാ വിഭക്തി ദ്വിതീയയും പഞ്ചമിയും ആകാം. वणिग्जनैः - वणिक् जनः वणिग्जनः। तैः।। शून्यागाराणि- शून्यं च तत् आगारं शून्यागारम्। तानि।। म्लाननानाः- म्लानं आननं येषां ते।। बाष्पाविललोचनाः- बाष्पैः आविलानि लोचने येषां ते।। विलोक्यते- വി + 'ലോക്' ധാതുവിന്റെ (ലോകൃ ദർശനേ -ഭ്വാദി) ലട് ആത്മ പ്ര.പു.ഏ.- विलोक्यते विलोक्येते विलोक्यन्ते ।। पुनर् (:) + आलपन्-पुनरालपन्।। संसभ्रमम्- संभ्रमेण सह वर्तते इति।। स्यन्दनात् + अवतीर्य-स्यन्दनादवतीर्य ।। पितुः + आलयम् — पितुरालयम्।। प्रविवेश- പ്ര+ 'വിശ്' ധാതുവിന്റെ (വിശ പ്രവേശനേ -തുദാദി) ലിട് പര.പ്ര.പു.ഏ.- प्रविवेश प्रविविशतुः प्रविविशुः।। पितरम् + अदृष्ट्वा — पितरमदृष्ट्वा।। अदृष्ट्वा - 'ദൃശ്' ധാതുവിന്റെ ക്ത്വാന്തം അവ്യയം. मातुः +

गृहम् मातुर्गृहम्।। प्रविश्य- പ്ര + 'വിശ്' ധാതുവിന്റെ ല്യബന്തം അവ്യയം. तस्याः + चरणयोः - तस्याश्चरणयोः ।। कृतप्रणामः - कृतः प्रणामः येन सः।। पप्रच्छ- ഖണ്ഡിക-4.

ഏഴു ദിവസങ്ങൾ കൊണ്ട് വഴിതാണ്ടി അയോധ്യയിലെത്തി. ആ പട്ടണത്തെ മുൻനിലയിലല്ലാത്തതായി കണ്ടിട്ട് ദുഃഖിതനായ അദ്ദേഹം തേരാളിയോടു പറഞ്ഞു- "തേരാളി, അയോധ്യയിൽ ഇടതടവില്ലാതെ കേട്ടിരുന്ന ഒച്ചപ്പാടുകൾ നിന്നതുപോലെ തോന്നുന്നു. പൂന്തോട്ടങ്ങൾ ഉണർവില്ലാതെ ഭംഗിയില്ലാത്തതായി കാണുന്നു. ചന്ദനത്തിന്റേയും അകിലിന്റേയും വാസനയുണ്ടായിരുന്ന കാറ്റ് ഇവിടെ പണ്ടേപ്പോലെ വീശുന്നില്ല. കച്ചവടസ്ഥലങ്ങൾ കച്ചവടക്കാരെ കൂടാതെ ഒഴിഞ്ഞ വീടുപോലെ കാണപ്പെടുന്നു. മുഴുവൻ ആളുകളും ദുഃഖിതരും വാടിയ മുഖത്തോടു കൂടിയവരും, മെലിഞ്ഞവരും അഴുക്കു പുരണ്ടവരും നിറകണ്ണുകളോടുകൂടിയവരും അങ്ങേയറ്റം ആകാംക്ഷാഭരിതരുമായി കാണപ്പെടുന്നു," എന്നിങ്ങനെ വീണ്ടും വീണ്ടും പറഞ്ഞുകൊണ്ട് സംഭ്രമത്തോടുകൂടി തേരിൽ നിന്ന് ഇറങ്ങി അച്ഛന്റെ കൊട്ടാരത്തിൽ കടന്നു. അവിടെ അച്ഛനെ കാണാഞ്ഞിട്ട് അമ്മയുടെ കൊട്ടാരത്തിൽ ചെന്ന് അവരുടെ കാല്ക്കൽ നമസ്കരിച്ചിട്ട് "എവിടെയാണെന്റെ അച്ഛൻ" എന്ന അവരോടു ചോദിച്ചു.

26. 'या गतिः सर्वभूतानां तां गति ते पिता गत' इति वज्रमिर्घातनिष्ठुरं तदुत्तरं श्रुत्वा भरतो निकृत्तमूल इव बालपदायो महीतले लुप्तसंज्ञो पपात। अथ शनैः शनैर्लब्धसंज्ञम्, तात तातेति विलपन्तम्, 'अम्ब, कीदृशश्वरमः सन्देशो मन्दभाग्याय मे तातेन विहित' इति पृच्छन्तं तं 'हा राम! हा सीते! हा लक्ष्मण!' इति परिदेवमानः पिता ते प्राणानमुञ्चते' इति द्वितीयेनाप्रियविषेण मूर्छयन्ती कैकेयी स्वनृशंसताया असीमतां प्रकटयामास। स्त्रीस्वभावसुलमेन चापलेनात्मनो दुश्चरितानामियत्तामजानती सा सुनिर्लज्जमात्मचरितं विस्तरेणाख्याय पण्डितमानिनी तनयहृदयस्याप्यनभिज्ञा तं राज्याभिषेकाय प्रेरयामास।।

वज्रनिर्घातनिष्ठुम्- वज्रस्य निर्घात इव निष्ठुरम्।। तदुत्तरम् — तस्याः उत्तरम्।। श्रुत्वा - 'ശ്രു' ധാതുവിന്റെ ക്ത്വാന്തം അവ്യയം. निकृत्तमूलः - निकृत्तं मूलं यस्य सः।। बालपदापः - बालश्चासौ पादपश्च।। लुप्तसंज्ञः - लुप्ता संज्ञा यस्य सः।। पपात — ഖണ്ഡിക- 12. ।। शनैः + लब्धसंज्ञम् - शनैर्लब्धसंज्ञम् ।। लब्ध संज्ञा यस्य सः लब्धसंज्ञाः। तम्।। तात + इति — तातेति।। विलपन्तम् — विलपतीति विलपन्। तम्।। कीदृशः + चरमसन्देशः - कीदृशश्चरमसन्देशः।। मन्दभाग्याय - मन्दं भाग्यं यस्य सः मन्दभाग्यः। तस्मै ।। पृच्छन्तम् — पृच्छतीति पृच्छन्। तम्।। परिदेवते इति परिदेवमानः ।। प्राणान् + अमुञ्चत् - प्राणानमुञ्चत् ।। अमुञ्चत् — ഉഭയപദിയായ 'മുച്' ധാതുവിന്റെ (മുച്ലൃ മോചനേ-തുദാദി) ലങ് പര.പ്ര.പു.ഏ.- अमुञ्चत् अमुञ्चताम् अमुञ्चन्।। द्वितीयेन + अप्रियविषेण - द्वितीयेनाप्रियविषेण ।। अप्रियविषेण- अप्रियमेव विषम् अप्रियविषेम्। तेन।। नृशंसतायाः - नृशंसायाः भावः नृशंसता। तस्याः।। स्त्रीस्वभावसुलमेन - स्त्रीणां स्वभावः स्त्रीस्वभावः स्त्रीस्वभावेषु सुलभः स्त्रीस्वभावसुलभः। तेन।। चापलेन + अत्मनः - चापलेनात्मनः।। दुश्चरितानाम् + इयत्ताम् + अजानती - दुश्चरितानामियत्तामजानती।। सुनिर्लज्जम् + आत्मचरितम् - सुनिर्लज्जमात्मचरितम्।। विस्तरेण + आख्याय - विस्तरेणाख्याय।। पण्डितमानिनी - आत्मानं पण्डितं मन्यते इति।। तनयहृदयस्य + अपि + अनभिज्ञा - तनयहृदयस्याप्यनभिज्ञा।। तनयहृदयस्य - तनयस्य हृदयम् तनयहृदयम् । तस्य।। + राज्याभिषेकाय - राज्यर्थम् अभिषेकः राज्याभिषेकः। तस्मै।। प्रेरयामास - പ്ര + 'ഈര' ധാതുവിന്റെ (ഈര ഗതൗ കമ്പനേ ച-ചുരാദി) ലിട്. ആത്മ.പ്ര.പു.ഏ.- प्रेरयामास प्रेरयामासतुः प्रेरयामासुः।।

"യാതൊരു ഗതിയാണോ സർവജീവികൾക്കും ഉള്ളത് ആ ഗതി നിന്റെ അച്ഛനും ഉണ്ടായി" എന്ന് വജ്രായുധം കൊണ്ടും വെട്ടുന്നപോലെയുള്ള ക്രൂരമായ അതിന്റെ ഉത്തരം

കേട്ടിട്ട് ഭരതൻ വേരറുക്കപ്പെട്ട തൈമരം പോലെ ബോധമറ്റു നിലത്തുവീണു. പിന്നീട് പതുക്കെപ്പതുക്കെ ബോധം തിരികെ കിട്ടിയിട്ട് അച്ഛാ, അച്ഛാ എന്ന് വിളിച്ചു കരയുന്നവനായിട്ട് "അമ്മേ മരണസമയത്ത് എന്തു സന്ദേശമാണ് ഭാഗ്യം കെട്ട എനിക്ക് അച്ഛനാൽ നല്കപ്പെട്ടത്" എന്നു ചോദിക്കുന്നവനും ആയ അദ്ദേഹത്തോട് "ഹാ രാമ! ഹാ സീതോ! ഹാ ലക്ഷ്മണാ! എന്നു വിളിച്ചു കരഞ്ഞു കൊണ്ട് നിന്റെ അച്ഛൻ പ്രാണങ്ങളെ ഉപേക്ഷിച്ചു" എന്നിങ്ങനെ പ്രിയമല്ലാത്ത ആ രണ്ടാമത്തെ വിഷവാക്കിനാൽ ബോധം കെടുത്തപ്പെട്ട കൈകേയി സ്വന്തം ക്രൂരതയുടെ അതിരില്ലായ്മ വെളിപ്പെടുത്തി. സ്ത്രീസ്വഭാവത്തിലുള്ള ചാപല്യത്താൽ തന്റെ ദുഷ്പ്രവൃത്തി ഇത്രത്തോളം എന്ന് അറിയാതെ അവൾ യാതൊരു നാണവും കൂടാതെ സ്വന്തം കഥ വിസ്തരിച്ചു പറഞ്ഞിട്ട് അറിവുള്ളവളെന്നു സ്വയം നടിച്ച് പുത്രന്റെ മനസ്സറിയാതെ അദ്ദേഹത്തെ രാജ്യാഭിഷേകത്തിനായി പ്രേരിപ്പിച്ചു.

27. 'धर्मात्मना पित्रा, पितृसमेन ज्येष्ठेन च भ्रात्रा विहीनं शापहतं मां धिक्,

अपवादजनन्या अपत्रपाया जनन्या उदरादवाप्तजर्नि मन्दभाग्यं मां धिक्' इत्यात्मानं शतशो गर्हयन् भरत एकपुत्रायाः कौसल्यायास्तादृशीं शोकसन्ततिमाहितवतीं स्वमातरं च बहुधा निनिन्द। सर्वथाऽपि तन्मनोरथस्यापरिपूरणेन तस्याः दण्डने कृतनिश्चयः शोकं नियम्य तैलद्रोण्यां निक्षिप्तं तातशरीरं वसिष्ठवचसा वह्निसात् कृत्वा प्रेतकर्माणि यथाविधि निर्वर्तयामास।।

धर्मात्मा — धर्मनिष्ठः आत्मा यस्य सः।। पितृसमेन — पितुः समः पितृसमः। तेज।। शापहतम्- शापेन हतः शापहतः। तम्।। अपवादजनन्याः - अपवादस्य जननी अपवादजननी। तस्याः।। अपत्रपायाः - अपगता त्रपा यस्याः सा अपत्रपा। तस्याः।। अवाप्तजनिः। तम्।। मन्दभाग्यम्- मन्दः भाग्यः यस्य सः मन्दभाग्यः। तम्।। इति + आत्मानम् - इत्यात्मानम्।। एकपुत्रायाः - एकः पुत्रः यस्याः सा एकपुत्रा। तस्याः।। कौसल्यायाः + तादृशीम् - कौसल्यायास्तादृशीम्।। स्वमातरम् - स्वस्य माता स्वमाता।

ताम्।। निनिन्द - 'ണിദി' ധാതുവിന്റെ (ണിദി കുത്സായാം-ഭ്വാദി) ലിട് പര.പ്ര.പു.ഏ. -निनिन्द निनिन्दतुः निनिन्दुः।। सर्वथा + अपि - सर्वथाऽपि।। कृतनिश्चयः - कृतः निश्चयः येन सः।। तातशरीरम् — तातस्य शरीरम्।। वसिष्ठवचसा - वसिष्ठस्य वचः वसिष्ठवचः। तेन।। यथाविधि — विधिम् अनतिक्रम्य यथाविधिः।। निर्वर्तयामास - നി എന്ന ഉപസർഗം ചേർന്ന ഉഭയപദിയായ 'വൃതു' ധാതുവിന്റെ (വൃതു വർത്തനേ-ചുരാദി) ലിട് പര.പ്ര.പു.ഏ. - निर्वर्तयामास निर्वर्तयामासतुः निर्वर्तयामासुः।।

ധർമാത്മാവായ അച്ഛനും അച്ഛനു തുല്യനായ ജ്യേഷ്ഠനും സഹോദരനും ഇല്ലാത്ത പാപിയായ എന്റെ കാര്യം കഷ്ടമാണ്. അപവാദങ്ങളുടെ അമ്മയും നാണമില്ലാത്തവളുമായ അമ്മയുടെ വയറ്റിൽപിറന്ന ഭാഗ്യംകെട്ട എന്റെ കാര്യം കഷ്ടമാണ്. എന്നിങ്ങനെ തന്നെത്താൻ ഭരതൻ, ഒരേ പുത്രനോടുകൂടിയ കൗസല്യയ്ക്ക് ഈ നിലയിലുള്ള ദുഃഖകാരണം ഉണ്ടാക്കിയവളുമായ സ്വന്തം അമ്മയെ പലതരത്തിൽ പഴിച്ചു. എല്ലാത്തരത്തിലും തന്റെ ആഗ്രഹം നിറവേറ്റാതിരുന്നതിന് അവർക്കു ശിക്ഷ ഉറപ്പിച്ചുകൊണ്ട് ദുഃഖം അടക്കി എണ്ണത്തോണിയിൽ കിടത്തിയിരുന്ന അച്ഛന്റെ ശരീരത്തെ വസിഷ്ഠന്റെ വാക്കിനാൽ അഗ്നിക്കിരയാക്കിയിട്ട് വിധിയനുസരിച്ച് മരണാനന്തരകർമങ്ങൾ ചെയ്തു.

28. कृतोदकं गताशौचं च तं सचिवा उपगम्य राज्याभिषेकाय प्रार्थयांचक्रिरे। भ्रातृवत्सलो भरतस्तेषामभिषेकोद्यमं निवार्य रामदर्शनलालसः काननं प्रति प्रतस्थे। 'यावदार्यो न निवर्तते तावदरण्ये तस्य दासभावेन वर्तिष्ये, न पुना रामवर्जिता राजलक्ष्मीमादरिष्ये' इति भाषमाणस्य तस्य गुणैकप्रवणतां प्रशंसन्तः सर्वे पौरा रामदर्शनकाङ्क्षिणस्तमनुप्रातिष्ठन्त। तादृशं तस्य रामानुरागमुपलक्ष्य कैकेय्या अपि हृदयमनुशयवशंवदमजायत। सचिवैः पुरोहितने भ्रात्रा जननीभिश्च समन्वितो भरतः सह चतुरङ्गया सेनया भागीरथीमनु। श्रृङ्गबेरपुरस्याभ्यर्णमाससाद। सेनया सह प्रस्थितं तं विलोक्य 'किं

